"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ ആലത്തൂർ മുടപ്പല്ലൂർ എയ്ഡഡ് ലോവർ പ്രൈമറി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി ശ്രുതി.വി.എം ഫയൽ ചെയ്ത ഡബ്ല്യൂ.പി(സി)നം. 38902/2022 മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 01.12.2022-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.8292/2023/GEDN തീയതി,തിരുവനന്തപുരം, 28-12-2023

---

പരാമർശം:-

1. പാലക്കാട് ജില്ലയിലെ മുടപ്പല്ലൂർ എയ്ഡഡ് ലോവർ പ്രൈമറി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി ശ്രുതി.വി.എം സർക്കാരിൽ സമർപ്പിച്ച 31/10/2022 തീയതിയിലെ പുന പരിശോധനാ ഹർജി(Ext.P8)
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 38902/2022 മേലുള്ള 01.12.2022 തീയതി വിധിന്യായം.
3. ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 10/04/2023തീയതിയിലെ എഫ്/274/2023നമ്പർ കത്ത്.
4. പൊതു വിദ്യാദ്യാഭ്യാസ ഡയറക്ടറുടെ 16/05/2023 തീയതിയിലെ ജി1/15257/2022/ഡിജിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ ആലത്തൂർ മുടപ്പല്ലൂർ എയ്ഡഡ് ലോവർ പ്രൈമറി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി ശ്രുതി.വി.എം ഫയൽ ചെയ്ത ഡബ്ല്യൂ.പി(സി)നം. 38902/2022 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച പരാമർശം 1 (Ext.P8) പുന പരിശോധനാ ഹർജി ഹർജിക്കാരിയെയും നാല്, അഞ്ച് എതിർ കക്ഷികളായ ടി സ്കൂൾ മാനേജരെയും പ്രഥമാദ്ധ്യാപകനെയും കേട്ട് തീർപ്പാക്കാൻ ടി റിട്ട് ഹർജിയിലെ ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ബന്ധപ്പെട്ട കക്ഷികളെ 12.04.2023ൽ നേരിൽ കേട്ടു.

2. ഹർജിക്കാരിയുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു. :

"ഹർജിക്കാരിയായ ശ്രീമതി.ശ്രുതി.വി.എം.നെ മുടപ്പലല്ലൂർ എ.എൽ.പി.സ്കൂൾ മാനേജർ 8.7.2019 പ്രാബല്യത്തിൽ എൽ.പി.എസ്.റ്റി തസ്തികയിൽ നിയമിച്ചു. ഈ സ്കൂളിലെ റെഗുലർ എൽ.പി.എസ്.എ ആയിരുന്ന ശ്രീമതി വി.ആർ.ഉഷാകുമാരി 30.04.2019ൽ സർവ്വീസിൽ നിന്ന് വിരമിച്ചതിനെ തുടർന്നുണ്ടായ ഒഴിവിലാണ് ഹർജിക്കാരിയെ നിയമിച്ചിട്ടുള്ളത്. ഈ സ്കൂളിന്റെ 2019-

20ലെ തസ്തിക നിർണ്ണയ ഉത്തരവിൽ 1 മുതൽ 4 വരെയുള്ള സ്റ്റാൻഡേർഡുകളിലായി 350 കുട്ടികളുടെ സംഖ്യാബലം ഉള്ളതായും 1 മുതൽ 4 വരെയുള്ള സ്റ്റാൻഡേർഡുകളിലായി 14 ഡിവിഷനുകളും അത്രയും തന്നെ എൽ.പി.എസ്.ടി തസ്തികകളും അനുവദനീയമായിരുന്നെങ്കിലും ക്ലാസ് മുറികളുടെ അപര്യാപ്തത മൂലം 10 ഡിവിഷനുകളും തത്തുല്യമായ എൽ.പി.എസ്.ടി തസ്തികകളുമാണ് അനുവദിച്ചിട്ടുള്ളതെന്ന് കാണാവുന്നതാണ്. എന്നാൽ മുൻവർഷം 9 ഡിവിഷനുകളും 9 എൽ.പി.എസ്.ടി തസ്തികകളും അനുവദിച്ചിരുന്നു എന്നും കാണാവുന്നതാണ്. ആയതിനാൽ 30.04.2019ൽ സർവ്വീസിൽ നിന്നും വി.ആർ.ഉഷാകുമാരി റിട്ടയർ ചെയ്ത ഒഴിവിന് പുറമെ ഒരു അധിക തസ്തികയും 2019-20 അക്കാദമിക വർഷത്തിൽ ലഭ്യമാണ്. ആയതിനാൽ ഹർജിക്കാരിയെ നിയമിച്ച വിരമിക്കൽ ഒഴിവ് കൂടാതെ ഒരു എൽ.പി.എസ്.എ അധിക തസ്തികയും 2019-20ൽ ലഭ്യമാണ്. അധിക തസ്തികയുടെ പ്രാബല്യ തീയതി നിലവിലുള്ള ഉത്തരവ് പ്രകാരം ജൂലൈ 15 മുതലാണ്.

എന്നാൽ ഈ സ്കൂളിൽ 2017-ൽ അധിക തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി സബ്ന.ബി സ്കൂളിൽ തുടരുന്നുണ്ടായിരുന്നു. അധിക തസ്തിക 2017-ൽ അനുവദിച്ചിട്ടില്ലാത്തതിനാൽ ഇല്ലാത്ത തസ്തികയിൽ അനധികൃതമായി ടിയാൾ തുടരുകയാണ് ഉണ്ടായത്. ആയതിനാൽ തന്നെ നിലവിലില്ലാത്ത തസ്തികയിൽ ചട്ടങ്ങൾക്ക് വിരുദ്ധമായി നിയമിച്ച ശ്രീമതി സബ്ന.ബി.യെ സീനിയർ അദ്ധ്യാപികയായി പരിഗണിക്കാൻ കഴിയുകയില്ല. എന്നാൽ ഹർജിക്കാരിയുടെ 8.7.2019 പ്രാബല്യത്തിലുള്ള വ്യവസ്ഥാപിത വിരമിക്കൽ ഒഴിവിലെ നിയമനാംഗീകാരത്തിനുള്ള ശുപാർശ ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചപ്പോൾ സീനിയർ നിയമനാർത്ഥിയായ ശ്രീമതി സബ്ന.ബിയുടെ നിയമനം അംഗീകരിച്ചിട്ടില്ല എന്ന കാരണത്താൽ നിയമനാംഗീകാരം നിരസിക്കുകയാണുണ്ടായത്. തുടർന്ന് ശ്രീമതി സബ്ന.ബി.ക്ക് 2019-20 അദ്ധ്യയന വർഷത്തിൽ അനുവദിച്ച അധിക തസ്തികയിൽ നിയമനാംഗീകാരം നൽകുകയും ഹർജിക്കാരിയായ ശ്രീമതി ശ്രുതി.വി.എം ന്റെ വിരമിക്കൽ ഒഴിവിലെ നിയമനം 15.07.2019ൽ മാത്രം അംഗീകരിക്കുകയും ചെയ്ത് ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവായി. തുടർന്ന് ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച 31.03.2022ലെ എഫ്/25731/2022 നമ്പർ ഉത്തരവ് പ്രകാരം ഹർജിക്കാരിയുടെ നിയമനം 6.2.2021ലെ സ.ഉ.(അച്ചടി) 4/2021/പൊ.വി.വ ഉത്തരവിന്റെ മറവിൽ 15.07.2019 മുതൽ നോഷണലായും 6.2.2021 മുതൽ ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യത്തോടെയും നിയമനാംഗീകാരം നൽകി ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവായി.

താഴെ പറയുന്ന കാരണങ്ങളാൽ 8.7.2019 പ്രാബല്യത്തിൽ റിട്ടയർമെന്റ് ഒഴിവിലെ നിയമനം അന്നേ ദിവസം വ്യവസ്ഥാപിത ഒഴിവ് നിലനിൽക്കുന്നതിനാലും ഹർജിക്കാരി കെ.ടെറ്റ് ഉൾപ്പെടെ എൽ.പി.എസ്.എ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിനുള്ള പൂർണ്ണ യോഗ്യത നേടിയ അദ്ധ്യാപികയായതിനാലും നിയമന തീയതി മുതൽ തന്നെ അംഗീകരിച്ച് ഉത്തരവാകാവുന്നതാണ്.

ഹർജിക്കാരിയെ നിയമിച്ചത് വി.ആർ.ഉഷാകുമാരി എൽ.പി.എസ്.എ തസ്തികയിൽ നിന്ന് വിരമിച്ചതിനെ തുടർന്ന് സ്കൂൾ വർഷാരംഭം മുതൽ നിലവിലുള്ള വ്യവസ്ഥാപിത ഒഴിവിലാണ്. ഹർജിക്കാരി കെ.ടെറ്റ് യോഗ്യത ഉൾപ്പെടെ എൽ.പി.എസ്.എ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിന് പൂർണ്ണ യോഗ്യതയുള്ള അദ്ധ്യാപികയാണ്. മുടപ്പല്ലൂർ എയ്ഡഡ് ലോവർ പ്രൈമറി സ്കൂൾ 1979നും മുമ്പ് ദശാബ്ദങ്ങളായി പ്രവർത്തിക്കുന്ന എൽ.പി.സ്കൂളാണ്. ആയതിനാൽ റിട്ടയർമെന്റ്, പ്രൊമോഷൻ, രാജി, മരണം തുടങ്ങിയ റഗുലർ ഒഴിവുകളിൽ നിയമിക്കപ്പെടുന്നതിന് സംരക്ഷിതാദ്ധ്യാപകരെ നിയമിക്കപ്പെടേണ്ടതില്ല എന്ന് 28.02.2019ലെ ജി.ഒ.

(പി)3/2019/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം കെ.ഇ.ആർ അദ്ധ്യായം XXI ലെ ചട്ടം 7 പ്രകാരമുള്ള ഭേദഗതിയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ 8.3.2019ലെ ജെ2/57/2019/പൊ.വി.വ നമ്പർ പ്രകാരമുള്ള സർക്കുലറിലും 1979ന് മുമ്പ് തുടങ്ങിയ സ്കൂളുകളിൽ റിട്ടയർമെന്റ്, പ്രൊമോഷൻ, രാജി, മരണം തുടങ്ങിയ ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതില്ല. ആയതിനാൽ നിയമന തീയതിയായ 8.7.2019 മുതൽ തന്നെ ഹർജിക്കാരിയുടെ റിട്ടയർമെന്റ് ഒഴിവിലെ നിയമനം അംഗീകാരയോഗ്യമാണ്. ഹർജിക്കാരിയുടെ സീനിയറായി ആരോപിക്കപ്പെടുന്ന ശ്രീമതി സബ്ന.ബി.യെ 2017-ൽ നിലവിലില്ലാത്ത ഒഴിവിലാണ് മാനേജർ അനധികൃതമായി നിയമിച്ചത്. ആയതിനാൽ അനധികൃതമായി നിയമിക്കപ്പെട്ട ശ്രീമതി സബ്ന.ബി സീനിയർ അദ്ധ്യാപികയാണ് എന്ന വ്യാഖ്യാനം വസ്തുതാപരമല്ല. ആയതിനാൽ ടിയാൾക്ക് നിയമനാംഗീകാരം നൽകിയെങ്കിൽ മാത്രമേ ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കാൻ കഴിയൂ എന്നത് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. അക്കാരണത്താൽ ഹർജിക്കാരിയുടെ വ്യവസ്ഥാപിത വിരമിക്കൽ ഒഴിവിലെ നിയമനം നിയമന തീയതി മുതൽ തന്നെ അംഗീകരിക്കപ്പെടാവുന്നതാണ്. മാത്രവുമല്ല സീനിയറായി ആരോപിക്കപ്പെടുന്ന ശ്രീമതി സബ്ന.ബി. കെ.ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്ത ഉദ്യോഗാർത്ഥിയാണ്. ആയതിനാൽ പൂർണ്ണ യോഗ്യത നേടിയിട്ടില്ലാത്ത ശ്രീമതി സബ്ന.ബി യെ സീനിയർ അദ്ധ്യാപികയായും പരിഗണിക്കുന്നത് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. കെ.ടെറ്റ് പാസ്സാകാത്ത നിയമനാംഗീകാരം ഇല്ലാത്ത അദ്ധ്യാപികയെ കെ.ടെറ്റ് പാസ്സായ വ്യവസ്ഥാപിത ഒഴിവിൽ നിയമക്കപ്പെട്ട അദ്ധ്യാപികയുടെ സീനിയറായി പരിഗണിക്കാനും പാടില്ലാത്തതാണ്. 2019 വരെ അധിക തസ്തികകളിൽ 1:1 അനുപാതം പാലിക്കാതെ നിയമനാംഗീകാരത്തിന് യോഗ്യത ഇല്ലാതെ തുടരുന്ന അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിനാണ് 6.2.2021ലെ ജി.ഒ.(പി)4/2021/പൊ.വി.വ നമ്പർ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചത്. അപ്രകാരം മാനേജർ സത്യവാങ്മൂലം നൽകുന്ന കേസ്സുകളിൽ മാത്രമേ അധിക തസ്തികകളിൽ നിയമനാംഗീകാരം ഇല്ലാത്ത അദ്ധ്യാപകർക്ക് നിയമന തീയതി മുതൽ നോഷണലായും 6.2.2021 മുതൽ ശമ്പളത്തോടെയും നിയമനാംഗീകാരം നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളത്. എന്നാൽ ഹർജിക്കാരിയുടെ നിയമനം വിരമിക്കൽ ഒഴിവിലെ നിയമനം ആയതിനാലും ഹർജിക്കാരി കെ.ടെറ്റ് ഉൾപ്പെടെ പൂർണ്ണയോഗ്യത നേടിയ അദ്ധ്യാപിക ആയതിനാലും ഹർജിക്കാരിയുടെ നിയമനം 6.2.2021ലെ ജി.ഒ.(പി)4/2021/പൊ.വി.വ നമ്പർ ഉത്തരവിന്റെ പരിധിയിൽപ്പെടുന്നില്ല.

മേൽപ്പറഞ്ഞ കാരണങ്ങളാൽ ഹർജിക്കാരിയുടെ 8.7.2019 പ്രാബല്യത്തിലുള്ള എൽ.പി.എസ്.ടി തസ്തികയിലെ വിരമിക്കൽ ഒഴിവിലെ ഹർജിക്കാരിയുടെ നിയമനം നിയമന തീയതി മുതൽ തന്നെ റഗുലർ അടിസ്ഥാനത്തിൽ ശമ്പളം ഉൾപ്പെടെയുള്ള എല്ലാ സർവ്വീസ് ആനുകൂല്യങ്ങൾക്കും ബാധകമാക്കി അംഗീകരിച്ച് ഉത്തരവാകണമെന്നും തദനുസൃതമായ നിർദ്ദേശം ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകി കോടതി വിധി നടപ്പാക്കണമെന്ന് അപേക്ഷിക്കുന്നു."

3. പൊതു വിദ്യാഭ്യാസ ഡയറക്ടർ, ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫിസർ എന്നിവർ ചുവടെ പറയും പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്:

"മുടപ്പല്ലൂർ എ.എൽ.പി.എസ് മാനേജർ ശ്രീമതി ശ്രുതി.വി.എം നെ എൽ.പി.എസ്.ടി യായി 8.7.2019 മുതൽ ശ്രീമതി ഉഷാകുമാരി.വി.ആർ, 30.04.2019ന് വിരമിച്ച ഒഴിവിൽ നിയമിച്ചു. സീനിയർ നിയമനാർത്ഥിയായ ശ്രീമതി സബ്ന.ബി യുടെ അധിക തസ്തികയിലെ നിയമനം അംഗീകരിക്കാത്തതിനെ തുടർന്ന് ശ്രീമതി ശ്രുതി.വി.എം. ന്റെ നിയമനം നിരസിച്ചു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കുകയും സീനിയർ നിയമനാർത്ഥിയായ ശ്രീമതി സബ്ന.ബി യുടെ നിയമനം അംഗീകരിക്കുന്ന തീയതിയായ1 5.07.2019 മുതൽ അംഗീകാരം നൽകാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി. ജി1/235264/2021 തീയതി 12.02.2022 പ്രകാരം അപ്പീൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2019-20 അദ്ധ്യയന വർഷം അനുവദിച്ച എൽ.പി.എസ്.ടി അധിക തസ്തികയിൽ ജി.ഒ.(പി) 4/2021/പൊ.വി.വ തീയതി 06.02.2021ന് വിധേയമായി 15.07.2019 മുതൽ 05.02.2021 വരെ നോഷണലായും 06.02.2021 മുതൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചുകൊണ്ട് ശ്രീമതി സബ്ന.ബി യുടെ നിയമനം അംഗീകരിച്ച് ഉത്തരവായി. ഇതിനെ തുടർന്നാണ് ശ്രീമതി ശ്രുതി.വി.എം നെ ശ്രീമതി ഉഷാകുമാരി. വി.ആർ 30.04.2019ന് വിരമിച്ച ഒഴിവിൽ 08.07.2019 മുതൽ എൽ.പി.എസ്.ടി ആയി മാനേജർ നടത്തിയ നിയമനം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12.02.2022ലെ ജി1/235264/2021 ന് വിധേയമായി പരിഗണിച്ച് 15.07.2019 മുതൽ അംഗീകരിച്ച് 15.07.2019 മുതൽ 05.02.2021 വരെ നോഷണലായും 06.02.2021 മുതൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചുകൊണ്ട് ഉത്തരവായത്. സീനിയർ നിയമനാർഥിക്ക് 15.7.2019 മുതൽ 5.2.2021 വരെ നോഷണലായും 6.2.2021 മുതൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച സാഹചര്യത്തിലാണ് ജൂനിയർ അധ്യാപികയായ ശ്രീമതി ശ്രുതി.വി.എം എൽ.പി.എസ്.ടി യുടെ നിയമനവും ഇപ്രകാരം അനുവദിക്കാനുണ്ടായ സാഹചര്യം എന്ന് അറിയിക്കുന്നു."

4. സർക്കാർ ഇക്കാര്യം ഹിയറിംഗ് സമയത്ത് ഹാജരാക്കപ്പെട്ട രേഖകൾ, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരിയായ ശ്രീമതി ശ്രുതി.വി.എം നെ മുടപ്പല്ലൂർ എയ്ഡഡ് ലോവർ പ്രൈമറി സ്കൂളിലെ റഗുലർ എൽ പി എസ് എ ആയിരുന്ന ശ്രീമതി ഉഷാകുമാരി 30.04.2019ൽ സർവ്വീസിൽ നിന്ന് വിരമിച്ചതിനെ തുടർന്നുണ്ടായ വ്യവസ്ഥാപിത ഒഴിവിലാണ് സ്കൂൾ മാനേജർ നിയമിച്ചിട്ടുള്ളത്. ടി സ്കൂളിലെ ശ്രീമതി സബ്നയെ പ്രതീക്ഷിത ഒഴിവിൽ 2017-ലാണ് മാനേജർ നിയമിച്ചത്. എന്നാൽ ടിയാൾക്ക് 2019-20 അദ്ധ്യയന വർഷത്തിൽ അനുവദിച്ച അധിക തസ്തികയിലാണ് സ.ഉ.(പി) 4/2021/പൊ.വി.വ തീയതി 6.2.2021ന് വിധേയമായി 15.07.2019ൽ AEO നിയമനാംഗീകാരം നൽകിയത്. ശ്രീമതി സബ്നയാണ് സീനിയർ എന്നത് കണക്കിലെടുത്താണ് 8.7.2019ൽ നിയമിതയായ ശ്രീമതി ശ്രുതിയ്ക്ക് 15.07.2019 മുതൽ സ.ഉ.(പി) 4/2021/പൊ.വി.വ തീയതി 6.2.2021ന് വിധേയമായി നിയമനാംഗീകാരം നൽകി ഉത്തരവായിരിക്കുന്നത്.

5.മേൽ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 30.04.2019 മുതൽ നിലവിൽ വന്ന റിട്ടയർമെന്റ് ഒഴിവിൽ സീനിയറായ ശ്രീമതി സബ്നയ്ക്ക് ടി അദ്ധ്യയന വർഷം സ്കൂൾ തുറക്കുന്ന തീയതി മുതൽ റഗുലർ അടിസ്ഥാനത്തിൽ ശമ്പളം ഉൾപ്പെടെയുള്ള എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും നൽകികൊണ്ട് നിയമനാംഗീകാരം നൽകുവാനും, തുടർന്ന് വന്ന അധിക തസ്കികയിൽ ശ്രീമതി ശ്രുതിയുടെ നിയമനം 06.02.2021-ലെ ജി.ഒ.(പി) 4/2021/പൊ.വി.വ ഉത്തരവിന്റേയും അനുബന്ധ ഉത്തരവുകളുടേയും അടിസ്ഥാനത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നിയമന തീയതി മുതൽ നോഷണലായും, 06.02.2021 മുതൽ റഗുലറായും ഭിന്നശേഷി സംവരണം സംബന്ധിച്ച വ്യവസ്ഥകൾക്കു വിധേയമായി നിയമനാംഗീകാരം നൽകുവാനും ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി പാലക്കാട് ആലത്തൂർ മുടപ്പല്ലൂർ എയ്ഡഡ് ലോവർ പ്രൈമറി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ശ്രുതി.വി.എം സർക്കാരിൽ സമർപ്പിച്ച പരാമർശം 1(Ext P8) പുനപരിശോധനാ ഹർജി

തീർപ്പാക്കി അപ്രകാരം ബഹു.ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലത്തൂർ, പാലക്കാട് ജില്ല.
മാനേജർ, എയ്‌ഡഡ് ലോവർ പ്രൈമറി സ്കൂൾ, മുടപ്പല്ലൂർ,
ആലത്തൂർ, പാലക്കാട് ജില്ല.
പ്രഥമാദ്ധ്യാപകൻ, എയ്‌ഡഡ് ലോവർ പ്രൈമറി സ്കൂൾ,
മുടപ്പല്ലൂർ, ആലത്തൂർ, പാലക്കാട് ജില്ല.
ശ്രീമതി. ശ്രുതി.വി.എം, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
എയ്‌ഡഡ് ലോവർ പ്രൈമറി സ്കൂൾ, മുടപ്പല്ലൂർ,
ആലത്തൂർ, പാലക്കാട് ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 28-12-2023 14:34:37
സെക്ഷൻ ഓഫീസർ